ഉത്തരം

(എ) ഡബ്ല്യൂ.റ്റി.ഒ.-യുടെ കാർഷിക ഉടമ്പടിയനുസരിച്ച് കാർഷിക ഉല്പന്നങ്ങളുടെ ഇറക്കുമതി തീരുവ സംസ്ക്കരിച്ച ഉല്പന്നങ്ങൾക്ക് 150 ശതമാനവും സംസ്ക്കരിക്കാത്ത ഉല്പന്നങ്ങൾക്ക് 100 ശതമാനവും സോയാബീൻ എണ്ണയ്ക്ക് 45 ശതമാനവും മറ്റ് ഭക്ഷ്യഎണ്ണകൾക്ക് 300 ശതമാനവുമാണ് പരമാവധി നിയന്ത്രിത നിരക്കായി (Bound rate) നിജപ്പെടുത്തിയിട്ടുള്ളത്.

(ബി) സംസ്ക്കരിക്കാത്ത റബ്ബറിന്റെ ഇറക്കുമതി തീരുവ 35 ശതമാനമായിരുന്നത് 70 ശതമാനമായി ഉയർത്തിയതായി അറിയുന്നു.

(സി) ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ ഒരു ഉത്തരവു പ്രകാരം ഡ്യൂട്ടിഫ്രീ ഇമ്പോർട്ട് സ്കീമിൽപ്പെടുത്തി റബ്ബർ ഇറക്കുമതി ചെയ്യാനാവുമെന്നാണ് ലഭ്യമായ വിവരം.

(ഡി) കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള കയറ്റിറക്കുമതി നയങ്ങൾ പ്രകാരം ഈ വർഷത്തെ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനമനുസരിച്ച് ശ്രീലങ്കയിൽനിന്നും തീരുവരഹിതമായി കുരുമുളക് ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ഇറക്കുമതി അനുവദിക്കപ്പെട്ടതിനാൽ മറ്റ് രാജ്യങ്ങളിൽനിന്ന് നിലവാരം കുറഞ്ഞ കുരുമുളക് വൻതോതിൽ ഇറക്കുമതി ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ട്. ഇത് ആഭ്യന്തര കുരുമുളകിന്റെ ആവശ്യകതയെ ബാധിക്കുമെന്നതിനാൽ ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് ആ രാജ്യത്തിന്റെ ഉല്പന്നം തന്നെയാണെന്ന് ഉറപ്പ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രധാനപ്പെട്ട എല്ലാ കാർഷികോല്പന്നങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഇറക്കുമതി തീരുവയും ഡബ്ല്യൂ.റ്റി.ഒ. നിയന്ത്രിത പരമാവധി നിരക്കും കാണിച്ചിട്ടുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* 1-4-2002-ലെ നിലയ്ക്കുള്ള വിവരങ്ങളാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. അതിൽ മാറ്റമുണ്ടോ എന്നത് കേന്ദ്രഗവൺമെന്റിൽ നിന്ന് അന്വേഷിച്ച് അറിയിക്കുന്നതാണ്.

ഇ-ഗവേർണൻസിനുവേണ്ടി ചെലവാക്കിയ തുക

147 (2108) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഗവേർണൻസിനുവേണ്ടി ഈ ഗവൺമെന്റ് ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം മേഖലകളിൽ ഏതെല്ലാം തരത്തിലാണ് പ്രസ്തുത തുക ചെലവഴിക്കപ്പെട്ടത് ;

(സി) ഇതിന്റെ ഭാഗമായി പുതിയ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലെങ്കിൽ താൽക്കാലികമോ കരാർ അടിസ്ഥാനത്തിലോ ഉള്ള നിയമനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതു തരത്തിൽ എത്ര നിയമനങ്ങൾ ഏതെല്ലാം തസ്തികകളിൽ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

148 (2110) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ എത്ര ഫയലുകൾ കെട്ടിക്കിടപ്പുണ്ട് എന്നും അവയുടെ കാലപ്പഴക്കം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) റവന്യൂ ബോർഡിൽ നിന്ന് മറുപടി ലഭിക്കാത്തതിന്റെ പേരിൽ തീർപ്പ് ആകാതെ കിടക്കുന്ന ഫയലുകൾ എത്ര എന്നറിയിക്കുമോ ;

(സി) മാസാവസാന യോഗങ്ങൾക്കു പുറമെ ഫയലുകളുടെ കുടിശ്ശിക കുറയ്ക്കാൻ ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ ഫലമായി കുടിശ്ശിക ഫയലുകളുടെ എണ്ണം എത്ര ശതമാനം കുറയ്ക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ 2003 മെയ് മാസം വരെ 9665 ഫയലുകൾ തീർപ്പാക്കാനുണ്ട്. ഇതിൽ 6-മാസം വരെ പഴക്കമുള്ളത് 4437 എണ്ണവും 6 മാസത്തിനും ഒരു വർഷത്തിനുമിടെ പഴക്കമുള്ളത് 1952 എണ്ണവും ഒരു വർഷത്തിനും രണ്ട് വർഷത്തിനുമിടെ പഴക്കമുള്ളത് 1947 എണ്ണവും രണ്ട് വർഷത്തിലേറെ പഴക്കമുള്ളത് 1329 എണ്ണവുമുണ്ട്. ഇതിൽ ഭൂരിഭാഗവും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും മറുപടി ലഭിക്കാത്തതിന്റെ പേരിൽ കെട്ടിക്കിടക്കുന്നവയാണ്.

(സി&ഡി) 2003 ജനുവരി മാസത്തെ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി പ്രകാരം കുറെയധികം ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly